## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 173 — 08-12-2014-ൽ മറുപടിയ്ക്ക്

### രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്

**ചോദ്യം:**

ശ്രീ. എ.കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മദ്യനയം രൂപീകരിക്കുവാൻ നിയോഗിച്ച രാമചന്ദ്രൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (എ), (ബി) | മദ്യനയം രൂപീകരിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി 06.03.2014-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് കൂടി പരിഗണിച്ചാണ് സർക്കാർ മദ്യനയം രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കാത്തത് എന്ന് വ്യക്തമാക്കാമോ ; | | |
| (സി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ ? | (സി) | മദ്യനയം രൂപീകരിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം.

1. വീര്യം കുറഞ്ഞ ഗുണനിലവാരമുള്ള മദ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കണം.
2. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനായി ബാർ ലൈസൻസുകൾ മൂന്നു നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമായി പരിമിതപ്പെടുത്തണം.
3. സംസ്ഥാനത്തിനു പുറത്തു പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളുടെ സഹായത്തോടെ മദ്യമാഫിയകൾ നടത്തുന്ന കള്ളക്കടത്തുകൾ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ അവസാനിപ്പിക്കണം.
4. ബാർ ലൈസൻസുകൾ മൂന്നു നക്ഷത്ര പദവിയിലോ അല്ലായെങ്കിൽ അതിൽ കൂടിയ പദവിയിലുള്ള ഹോട്ടലുകൾക്ക് മാത്രമേ അനുവദിക്കാൻ പാടുള്ളു. ഇപ്പോൾ നിലവിലുള്ള ലൈസൻസ് കാലാവധിയ്ക്കുശേഷം ബാറുകൾ തുടർന്ന് പ്രവർത്തിക്കുവാൻ ചുരുങ്ങിയത് മൂന്ന് സ്റ്റാർ നക്ഷത്രപദവിയോ അല്ലായെങ്കിൽ അഭിലക്ഷണീയമായി നാല് സ്റ്റാർ നിലവാരമോ നിശ്ചയിക്കാവുന്നതാണ്.
5. കള്ള് ഷോപ്പുകളുടെ പ്രവർത്തനസമയം സംബന്ധിച്ച് രാവിലെ 8 മണിമുതൽ എങ്കിലും പ്രവർത്തനം ആരംഭിക്കേണ്ടതാണെന്നും എഫ്.എൽ.1 ഷോപ്പുകളുടെ കാര്യത്തിൽ ഇപ്പോഴത്തെ അവസ്ഥ തുടരാവുന്നതാണെന്നും, കൂടാതെ ബാറുകളുടെ പ്രവർത്തനസമയം രാവിലെ 11.30 മണിമുതൽ രാത്രി 10 മണിവരെയായി നിജപ്പെടുത്തണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.
6. മൂന്ന് നക്ഷത്ര പദവി (അഭികാമ്യമായത് 4 നക്ഷത്രപദവി) ഇല്ലാത്ത ഹോട്ടലുകൾ 2013-14-ൽ കാലാവധി കഴിയുമ്പോൾ അവയുടെ ലൈസൻസുകൾ പുതുക്കി നൽകുവാൻ പാടില്ല.
7. അപേക്ഷ തരുന്ന ദിവസത്തെ നിയമം ആയിരിക്കണം അപേക്ഷ അനുവദിക്കുന്നതിന് പരിഗണിക്കേണ്ടത്. മൂന്ന് സ്റ്റാർ നിലവാരമുള്ള ഹോട്ടലുകൾക്ക് വേണ്ടി ബാർ ലൈസൻസ് ആവശ്യപ്പെട്ട് 2012-13-ൽ പെൻഡിംഗ് ആയിട്ടുള്ള അപേക്ഷകൾ അതിന്റെ മെറിറ്റിൽ തീരുമാനം എടുക്കേണ്ടതാണ്. കൂടാതെ സർക്കാരിന്റെ നിലവിലുള്ള നിയമം അനുസരിച്ച് മുതൽ മുടക്കി ഹോട്ടലുകൾ നിർമ്മിച്ച് ആദ്യം മൂന്ന് സ്റ്റാറും പിന്നീട് നാല് സ്റ്റാറും നേടിയവർ ഉണ്ട്. അവർക്ക് ലൈസൻസ് നൽകണം എന്നും കമ്മീഷൻ അഭിപ്രായപ്പെട്ടു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് അധികാരം നൽകാതെ ഇക്കാര്യത്തിൽ സർക്കാർ തന്നെ തീരുമാനം എടുക്കണം എന്നും ശുപാർശ ചെയ്തിട്ടുണ്ട്.

8. ബാർ ലൈസൻസ് നൽകുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന എൻ.ഒ.സി നിർബന്ധമാക്കേണ്ടതില്ലെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

9. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് 3 സ്റ്റാർ മുതൽ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകണമെന്നും ഇത്തരം ഹോട്ടലുകളിൽ 'കൗണ്ടർ സെയിൽസ്' അനുവദിക്കരുതെന്നും, നിലവിലുള്ള നിലവാരമില്ലാത്ത ഹോട്ടലുകൾ 3 സ്റ്റാർ, 4 സ്റ്റാർ നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്

.

10. അബ്കാരി പോളിസിയിലുള്ള കാഴ്ചപ്പാട് അനുസരിച്ച് അബ്കാരി ആക്റ്റിന്റെയും ചട്ടങ്ങളുടെയും പരിഷ്ക്കരണം സംബന്ധിച്ച്, മദ്യം വാങ്ങാൻ വരുന്ന ആളിന്റെ തിരിച്ചറിയൽ കാർഡ് പരിശോധിച്ച് അത് ബില്ലിൽ രേഖപ്പെടുത്തുവാൻ വ്യവസ്ഥ ഉണ്ടാകണമെന്നും മദ്യം വാങ്ങുന്ന ആളിന്റെ ഒപ്പോ, വിരലടയാളമോ രേഖപ്പെടുത്താവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

11. കേരകർഷകരുടെ ഭാഗത്തുനിന്നും 'നീര' ഉൽപ്പാദനം അനുവദിക്കണം എന്ന ആവശ്യം ചില ജില്ലകളിൽ കള്ള് ഷോപ്പുകൾ ഏറ്റെടുത്ത് നടത്തുവാൻ ആളില്ലായെന്നുള്ള പശ്ചാത്തലത്തിൽ പരിശോധിച്ച് പരിഹരിക്കുവാനുള്ള നടപടികൾ, ഇപ്പോഴുള്ള ഗ്രൂപ്പ് സമ്പ്രദായം അനുസരിച്ചുള്ള കള്ളുഷാപ്പ് ലൈസൻസിംഗും, കള്ള് ഷാപ്പ് പ്രവർത്തനത്തിലുള്ള ബിനാമി ഇടപാടുകളും സംബന്ധിച്ച വിഷയത്തിൽ കള്ള് ഷാപ്പ് വില്പനയിൽ നിലവിലുള്ള ഗ്രൂപ്പ് സമ്പ്രദായം അനുയോജ്യമാണെന്നും, മറ്റ് മേഖലകളിലുള്ളതുപോലെ തന്നെ കള്ള് വ്യവസായത്തിലും ബിനാമി സമ്പ്രദായം നിലവിലുണ്ടെങ്കിലും ആയത് നിയന്ത്രിക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾ തൃപ്തികരമാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

12. നീരയുടെ ഉത്പ്പാദനവും വിതരണവും സംബന്ധിച്ചുള്ള വിഷയത്തിൽ നീരയെ അബ്കാരി ആക്ടിന്റെ പരിധിയിൽ നിന്നും പുറത്തു കൊണ്ടുവരണമെന്നും എന്നാൽ ഇതിന്റെ ദുരുപയോഗം തടയുന്നതിനു വേണ്ടി ആവശ്യമായ മുൻകരുതലുകൾ ഉണ്ടാകേണ്ടതാണെന്നും, നീര ഉത്പ്പാദനം വളരെ അഭിനന്ദനം അർഹിക്കുന്നതാണെന്നും, എന്നാൽ ആവശ്യമായ മുൻകരുതൽ എടുത്തില്ലെങ്കിൽ ഉദ്ദേശിക്കുന്ന രീതിയിലുള്ള ഫലപ്രാപ്തി കിട്ടാതിരിക്കുന്നതിനും കാരണമാകുമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

13. വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്യുന്നത് സംബന്ധിച്ച്- വീര്യം കുറഞ്ഞ മദ്യം അനുവദിയ്ക്കാവുന്നതാണെന്നും. ഇതിൽ കള്ള്, ബിയർ, വൈൻ എന്നിവയും ഉൾപ്പെടുന്നുവെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

14. ദൂരപരിധി നിയമം സംബന്ധിച്ച്- വിദേശമദ്യചട്ടപ്രകാരം നൽകുന്ന എഫ്.എൽ.1, എഫ്.എൽ.3 ലൈസൻസുകൾക്ക് ഇപ്പോൾ നിലവിലുള്ള 200 മീറ്റർ ദൂരമെന്നത് 75 മീറ്റർ ആയി കുറയ്ക്കാവുന്നതാണെന്നും കള്ള് ഷാപ്പുകളുടെ കാര്യത്തിൽ ഇപ്പോഴത്തെ ദൂരപരിധി 400 മീറ്റർ എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ലെന്നും, എന്നാൽ അത്യാധുനിക രീതിയിലുള്ള കള്ള് ഷാപ്പുകൾ ആരംഭിക്കുന്ന മുറയക്ക് കള്ളുഷാപ്പുകളുടെ ദൂരം ക്രമീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന് പുനഃപരിശോധിക്കാവുന്നതാണെന്നും, ശ്മശാനവും, എസ്.സി / എസ്.ടി കോളനികളും അബ്കാരി ഷോപ്പുകളുടെ ദൂരപരിധിയ്ക്ക് ബാധകമാക്കേണ്ടതില്ലായെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

15. പ്ലാസ്റ്റിക് കുപ്പികളുടെ നിരോധനം സംബന്ധിച്ച്, പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം ഗ്ലാസ് ബോട്ടിലുകൾ ഉപയോഗിക്കണമെന്ന നിർദ്ദേശം അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട എന്നും ശുപാർശ ചെയ്തിട്ടുണ്ട്.

16. ദേശീയപാതയുടെ വശങ്ങളിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ മാറ്റുന്നത് സംബന്ധിച്ച്- ദേശീയപാതയുടെ വശങ്ങളിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ റോഡപകടങ്ങൾ കൂട്ടുന്നതിന് കാരണമാകുന്നു എന്ന അഭിപ്രായം ഇല്ലായെന്നാണ് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുള്ളത്.

17. ആയുർവ്വേദ മെഡിസിൻ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ തുടരുന്നതാണ് അഭികാമ്യമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

18. സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ച്- എക്സൈസ് വകുപ്പിനെപ്പോലെയുള്ള ഒരു എൻഫോഴ്സ്മെന്റ് വകുപ്പിനെ ഒരു നോൺ ഒഫീഷ്യൽ കമ്മിറ്റി സൂപ്പർ വൈസ് ചെയ്യുന്നത് ശരിയല്ലായെന്നും, പ്രത്യേകിച്ചും കേസ്സന്വേഷണം തുടങ്ങിയ കാര്യങ്ങളെ ഇത് സാരമായി ബാധിക്കുമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

19. റിവാർഡ് നൽകുന്നതിനും മറ്റുമായി ഒരു സ്പെഷ്യൽ ഫണ്ട് രൂപീകരിക്കേണ്ടത് ആവശ്യമാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.